# നിറക്കൂട്ട്



# ആമുഖം


ലോകമിന്ന് ഓരോ മിനിറ്റിലും, ഓരോ
സെക്കന്റിലും ഓരോ സാങ്കേതികമായ
മാറ്റങ്ങൾ സൃഷ്ടിക്കുകയും,
പുതിയ കാര്യങ്ങൾ കണ്ടുപിടികുകയും ചെയ്യുന്നു.
ഇതെല്ലാം ഒരു നാഴികമത്രമാണ്, അതിലെ
ഓരോ നാഴികകല്ലുകളാണ് നാമോരുരത്തരും.
യുഗത്തിന്റെ മികവിലൊരു പങ്കാകുവാൻ
പോകുന്ന ചില
പ്രതിഭകളുടെ സംരാക്ഷ രേഖകളാണ് ഈ
മാസിക. അവരുടെ ഓരോരുത്തരുടേയും
കൈമികവും
ഭാവനാത്മകമായ ചിന്തയും ഈ ചെറിയ
മാസികയിൽ നൽകിയിരിക്കുന്നു. നിറക്കൂട്ട്
എന്ന മാസികയുടെ
പിന്നിൽ പ്രവൃത്തിച്ച് എല്ലാവരെയും ഓർ
ത്തുകൊണ്ടും, അവരെ അഭിനന്ദിച്ചുകൊണ്ടും
നന്ദി പറഞ്ഞുകൊണ്ടും നിറങ്ങളുടെ
മായലോകത്തിലേക്കുള്ള ഞങ്ങളുടെ
പടിവാതിൽ ഇവിടം കൊണ്ട് തുറക്കുന്നു.....

എന്ന്,
GHSS Muttom Little kites club
കൺവീനേഴ്സ്



- **ഈ മാസിക തുടങ്ങുന്നതിന് മുമ്പ് നമ്മുക്ക് ചിലരെ ഓർത്തുകൊണ്ടും, അവരോട് മനസ്സാൽ നന്ദിപറഞ്ഞും തുടങ്ങാം.**


## Fathers Of World Technology




## ബെഞ്ചമിൻ ഫ്രാങ്ക്ലിൻ

ഇന്നത്തെ ലോകത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നാണ് വൈദ്യുതി. എന്നാൽ ഫോൺ ചാർജ്ജ് ചെയ്യുമ്പോഴും, ടി.വി കാണുമ്പോഴും ആരും ചിന്തിക്കുന്നില്ല, ആരാണ് വൈദ്യുതി കണ്ടെത്തിയതെന്ന്. ലോകത്തിന് വെളിച്ചം തന്നത് എഡിസൺ ആണെങ്കിൽ അതിന് പ്രവൃത്തിക്കാൻ ഉള്ള ഊർജ്ജം നൽകിയത് ബെഞ്ചമിൻ ഫ്രാങ്ക്ലിൻ എന്ന ഈ വ്യക്തിയാണ്.


–





## ചാൾസ് ബാബേജ്

ലോകത്തിന്റെ ഏറ്റവും പ്രശ്സ്തമായ കണ്ടെത്തലാണ് കംപ്യൂട്ടർ. ഈ കണ്ടത്തിലിന്റെ പിതാവാണ് **'ചാൾസ് ബാബേജ്'**



# താളുകൾ മറിയുമ്പോൾ


**ലേഖനങ്ങൾ**

- മലയാള ചെറുകഥ – **(14-18)വന്ദനാ ഷാജി**
- മത്സ്യങ്ങൾ - **(21) അഭിമന്യു നിഷാന്ത്**
- ഏഴുനിറമുള്ള കടലാസ് പെൻസിൽ - **(26-27)ജിയാഹന്ന സന്തോഷ്**
- ഉപന്യവും ഗുരുവും - **(29)ഫായിദ സുധീർ**
- ഉപ്പ് - **(30)തേജസ് മോൾ സൽജു**
- ഭാഷാവിദഗ്ദന്റെ പരാജയം - **(31) ഗായോസ് സുനിൽ**
- പക്ഷികൾ - **(32)എയ്ജൽ ജോർജ്ജ്**

**ജീവചരിത്രം**

- ഒ എൻ വി കുറുപ്പ് - **(8 – 9)ദർശന സുനു**
- ഗാന്ധിജിയുടെ ചിന്തകൾ - **(10)ജെറിൻ ജെ വർഗ്ഗീസ്**
- വൈക്കം മുഹമ്മദ് ബഷീർ - **(23-25)**

**കവിത**

- അടയാളം - **(6)വിഷ്ണു സുരേന്ദ്രൻ**
- നീരീട്ട് - **(7) ആദിത്യൻ കെ എസ്**
- പ്രകൃതി - **(11) കൃഷ്ണജിത്ത്**
- നാഴിയരിക്ക് - **(12)ചന്ദനാ രെഖു**
- വീഴാത്ത പൂവ് - **(13)കാർത്തിക വിനേഷ്**
- മുത്തശ്ശി മാവ് - **(19)അളകാ സി ഗിരീഷ്**
- മൗനം - **(20) അഫ്സൽ കോയ**
- ഹായ്.....രാത്രി......എന്തുഭംഗി.......! - **(22)ജോർലിൻ സാജോ**
- അമ്മയാകുന്ന പുണ്യം - **(28)ജോയ്സി ജോസഫ്**
- പെൺകൊടിക്കു മുകളിൽ കഴുകൻ കണ്ണുകൾ - **(33-34)ആനന്ദ് ശർമ്മ**

**സ്പെഷ്യൽ**

ആർട്ട് ഗ്യാലറി - **(35-36)**

## അടയാളം

അന്തിവരുമ്പോൾ കൂരിരുട്ട്
അമ്പിളിവന്നാലെന്തടയാളം?
അമ്പിളി വന്നാൽ പൂനിലാവ്
കാറ്റുവരുമ്പോളെന്തടയാളം?
കാറ്റു വരുമ്പോൾ പൂ കുളിര്
നേരം വെളുത്താലെന്തടയാളം?
നേരം വെളുത്താൽ തൂവെളിച്ചം
പൂവ് വിരിഞ്ഞാലെന്തടയാളം
പൂവ്  വിരിഞ്ഞാൽ പൊന്നഴക്

- വിഷ്ണു



# നീരാട്ട്

മഴയത്ത് ഓടി വന്ന്
വായൂവിലുയർന്ന്
കുളത്തിലെയ്ക്ക് ഒരു ചാട്ടം

കുളം പൊട്ടുന്നനെ
പുഴയായും കടലായും മാറി
എന്നെ സ്വീകരിക്കുന്നു
മണ്ണും ചെളിയും നൃത്തമാടുന്നു
തിരമാലകൾ ഉയർന്ന് ഊഞ്ഞാലാടുന്നു
വെള്ളത്തിലാശാന്മാർ......

ഉറക്കം ഞെട്ടിപ്പിടഞ്ഞെഴുന്നെൽക്കുന്നു.....
സഞ്ചിപായലുകൾ ഉത്തരീയംതരുന്നു.......
മാനത്തുള്ളികൾ അതിൽ..........
മുത്തുകൾ പതിപ്പിക്കന്നു..........
ഉച്ച മൂക്കുമ്പോൾ കണ്ണു കലങ്ങുമ്പോൾ.............
നാളെ കാണമെന്ന് പറഞ്ഞ് മടങ്ങുന്നു........

-ആദിത്യൻ കെ.എസ്



[8]

# ഒ.എൻ.വി കുറുപ്പ്

മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി കുറുപ്പ് (ജനനം:27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016). ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് അന്തരിച്ചു.



**ജീവിതരേഖ**


കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ. എൻ. കൃഷ്ണകുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 ജനിച്ചു. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഇളയമകനാണ് ഒ.എൻ.വി. എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പരമേശ്വരൻ എന്നായിരുന്നു ആദ്യത്തെ പേര്. അപ്പു ഓമനപ്പേരും. സ്കൂളിൽ ചേർത്തപ്പോൾ മുത്തച്ഛനായ തേവാടി വേലുക്കുറുപ്പിന്റെ പേരാണ് നൽകിയത്. അങ്ങനെ അച്ഛന്റെ ഇൻഷ്യലും മുത്തച്ഛന്റെ പേരും ചേർന്ന് പരമേശ്വരൻ എന്ന അപ്പു സ്കൂളിൽ ഒ.എൻ.വേലുക്കുറുപ്പും സഹൃദയർക്ക് പ്രിയങ്കരനായ ഒ.എൻ.വി.യുമായി. പ്രാഥമിക വിദ്യാഭ്യാസം കൊല്ലത്ത്. ശങ്കരമംഗലം ഹൈസ്കൂളിൽ തുടർ വിദ്യാഭ്യാസം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.

1989-ൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതു സ്വതന്ത്രനായി തിരുവനന്തപുരം മണ്ഡലത്തിൽ നിന്നും മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

**ഔദ്യോഗിക ജീവിതം**

1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ: വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-ന ഔദ്യോഗിക ജീവിതത്തിൽ





നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരായിരുന്നു.

കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം , കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു . ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട് . യു.കെ., കിഴക്കൻ യൂറോപ്പ് , യുഗോസ്ളോവ്യ , സോവിയറ്റ് യൂണിയൻ, അമേരിക്ക, ജർമ്മനി, സിംഗപ്പൂർ , മാസിഡോണിയ, ഗൾഫ് രാജ്യങ്ങൾ എന്നീ വിദേശ രാജ്യങ്ങളിൽ ഒ.എൻ.വി. സന്ദർശനം നടത്തിയിട്ടുണ്ട് .കാവ്യജീവിതം വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം. ആദ്യം ബാലമുരളി എന്ന പേരിൽ പാട്ടെഴുത്തുടങ്ങിയതെങ്കിലും ഗുരുവായൂരപ്പൻ എന്ന ചലച്ചിത്രം മുതലാണ് ഒ.എൻ.വി എന്ന പേരിൽത്തന്നെ ഗാനങ്ങൾ എഴുതിയത്. ആറു പതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്

## ഗാന്ധിജിയുടെ ചിന്തകൾ

നമ്മുടെ രഷ്ട്രപിതാവ് പ്രക്രതിയെ നന്നായി ഇഷ്ട്ടപ്പെട്ടിരുന്നു. പ്രക്രതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അദ്ദേഹം വളരെ ആഴത്തിൽ തിരിച്ചറിഞ്ഞിരുന്നു.



നമ്മുടെ പൂർവികരിൽ നിന്നും കൈമാറി വന്നവയല്ലാ ഭൂമി,മണ്ണ്, ജലം,വായു എന്നിവ.മുറിച്ച് വരും തലമുറയിൽ നിന്ന് കടമെടുത്തതാണ്. അവർക്ക് അത് ഇന്ന് കാണുന്ന അവസ്ഥയില്ലെങ്കിലും കൈമാറേണ്ടതുണ്ട് ഭൂമിയിലെ എല്ലാ ജീവജലങ്ങളും പരസ്പ്പരം ബന്ധപ്പെട്ട് കഴിയുന്നു.അവ തമ്മിൽ നല്ല സഹകരണവും ഉണ്ട്.മനുഷ്യൻ മറ്റുസഹജീവികളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും വേണം.അദ്ദേബഹം ഓർമിപ്പിച്ചു.നദികളും ജലാശയങ്ങളും വായുവും മലിനമാക്കുന്നതിനെ ഗാന്ധിജി എതിർത്തിരുന്ന്.എല്ലാവർക്കും വേണ്ടത് ഭൂമിയിലുണ്ട്.എന്നാൽ ആരുടെയും ആർത്തിക്ക് വേണ്ടത് ഇല്ലാ.

**<u>സ്വന്തം ജീവിതരീതയിലൂടെ പ്രകൃതി സംരക്ഷൻ സന്ദേശം പ്രാവർത്തികമാക്കി കാണിച്ചു തന്ന മഹാനാണ് ഗാന്ധിജി.</u>**



# പ്രകൃതി

പ്രകൃതി അമ്മയാണ്
പ്രക്രതി തൻ ദേവതയാണ്
പ്രക്രതി നമുക്ക് ഏകം സുന്ദരം
വർണ്ണങ്ങളാം പുഴകളും,വയലുകളും,പൂക്കളും
പ്രക്രതി സുന്ദരി .....മനോഹരി
അവൾ എൻ സുന്ദര ഗായക
മരതക പച്ചവിടർത്തി നിൽക്കുഎന്നുടെ സുന്തരി പ്രക്രതി
അവൾ എനിക്ക് നൽകും ശുദ്ദവായു
അവൾ എൻെറ കാതിനെ കുളിർപ്പിക്കാൻ
കിളികളാൽ സുന്തരഗാനം കേൾപ്പിക്കും
പച്ചവിരച്ചൊരു കുളിരേകും
എന്നുടെ സുന്തര പ്രക്രതി
സൂര്യനിൽ നിന്നും തണുപ്പിൽ നിന്നും
എന്നെ സംരക്ഷിക്കും
എന്നുടെ സുന്ദര പ്രക്രതി
പെറ്റമ്മയെപ്പോലെ  തലോടി സംരക്ഷിക്കും

– മാളവിക ബിനു



# നാഴിയരിക്ക്

മുക്കല്ലടുപ്പിൻെ
മോളിൽ വച്ചിടുന്ന
കുത്തരി ചോറായി വേവുമ്പോൾ


ചോറും  കറികളും
വേവിക്കമമ്മതൻ
നീറും ഹൃദയവും വേവുന്നു

നാളെയെൻ കുട്ടന്
ചോറുനല്കിടുവാൻ
നാഴിയരിക്കു  ഞാനെങ്ങുപോകും?

കൊയ്ത്തരിവാളുകൾ
മൂർച്ച കെട്ടു, നാട്ടിൽ
പാടവും കുന്നും കരിയുന്നു

പാട്ടുപാടുന്ന
പുഴയും  കിളികളും
പൂവും കിനാവും കരിയുന്നു

നാട്ടിലെ മർത്ത്യർത-
ന്നുള്ളിൻെയുള്ളിലെ
നേർത്ത നിലാവും കരിയുന്നോ?



# വീഴാത്ത പൂവ്

വേലിപ്പടർപ്പിലൊരു  പൂവുണ്ട്

വഴിയെ  പോകുന്നവർക്കെല്ലാം

മഞ്ഞുനീരിൽ കുതിർന്ന മന്ദസ്മിതം

കൈമാറുന്ന   ചെറിയ പൂവ്

കാറ്റിന് അതിന്റെ വാസന ഇഷ്ടമല്ല

പാവം തോന്നിട്ടായിരിക്കണം

ആരും അതിനെ നുള്ളിയെടുക്കാറില്ല

സ്കൂൾക്കുട്ടികൾക്കുംവിലാപയാത്രക്കാർക്കും

കാർബൺ കമ്പിനിയിലെ സൈറൺ വിട്ടിറങ്ങുന്നവർക്കും

ഒരേ ചിരി സമ്മാനിച്ചുകൊണ്ട്

അതങ്ങനെ നിൽക്കും

ആ വഴി പോകറുള്ള

ഭ്രാന്തൻ വേലായുധനോ

പാത്തുമ്മയുടെ ആടോ എന്തോ

അതിനെ ഇതു വരെ ശ്രദ്ധിച്ചിട്ടില്ല

പട്ടുചിറക് ധരിച്ച ശലഭങ്ങളൊന്നും

ആ വേലിപ്പടർപ്പിലേക്ക്

പറന്നിറങ്ങാറുമില്ല.....

\- അർച്ചന സുധീഷ്

## മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽ സാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ

മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന

കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുതൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ

മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചുബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവരെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

**1990-** കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

## മുത്തശിമാവ്

അണ്ണാറക്കണ്ണന്മാർ ഓടികളിക്കുന്ന
*മുത്തശ്ശി മാവു കണ്ടോ*
മുത്ത്പഴുത്തൊരു മാമ്പഴം നിൽക്കുന്ന
മുത്തശ്ശി മാവ് കണ്ടോ ചിന്നുവും മിന്നുവും മണ്ണപ്പം
ഉണ്ടാക്കും

മാവിൻ തണലുകൾ കണ്ടോ അപ്പുവും കുഞ്ചുവും
ഊഞ്ഞലിട്ടാടുന്ന മാവിന്റെ ശാഖ കണ്ടോ
തത്തയും മൈനയും കാക്കയുമൊന്നിച്ച്
കല പില കൂട്ടുന്ന മാവു കണ്ടോ

വെയിലത്തും കുടയാവും
മഴയത്തും കുടയാവും
നന്മ നിറഞ്ഞൊരു
മാവു കണ്ടോ!



-വൈഷ്ണവി

[20]

## മൗനം

ഇടവഴി പാതിളയിലൂടെന്റെ യാത്ര
ആരംഭവി യാത്ര പത്തു സംവത്സരം തോറും
നൊന്തുപെറ്റ അമ്മതൻ യാത്ര.



ഞാൻ ഞാനാവുന്നതിൻ മുബ്ബുതൊട്ട്
ആരംഭമയീമൗനം!
എന്നു അമ്മയെന്ന  പോലെ നൊബ്ബര മാധുര്യം പകർന്നതും
മൗനം.
അമ്മതൻ അന്ത്യവധുര്യം പകണനാൽ.
രാത്രി തോരാമഴയിൽ വിറക്കുവെ അമ്മതൻ വാത്സല്ല്യ
ചൂടിനുവേണ്ടി കൊച്ചു കിടങ്ങൾതൻ നൊബ്ബരം മൗനം
അന്നുതൊട്ടിന്നുവരെ  ആരും അറിയാത്തൊരു    തെണ്ടികുട്ടിയായി
തെരുവിന്റെ ഭാവനയായ്  എന്നും മൗനത്തിൽ   കൂട്ടുകാരനായ്
ഇന്നീ   നോബ്ബരമാം  മൗനത്തിൽ  മകൻ നാടിന്റെ
ഓമന മുത്താകവെ   ഇന്നി ലോകം   കീഴടക്കും
മകനാകവെ ഇന്നവനപവേണ്ടി പ്രാർത്തനകൾ നീളുന്നു.



# മത്സ്യങ്ങൾ


44 നദികളും അവയുടെ അഴിമുഖങ്ങളും അനുബന്ധങ്ങളായ കായലുകളും,തോടുകളും അരുവികളും കോണ്ട് സമ്പന്നമായ കേരളത്തിൽ 204 ഇനം ശുദ്ധജല മൽസ്യങ്ങളെ കണ്ടെത്തിയിട്ടുണ്ട്.ഇവയിൽ 28 ഇനം കേരളത്തിൽ മാത്രം കണ്ടെത്തിയുള്ള എൻഡമിക് ഇനങ്ങളാണ്.ചാലക്കുടി പുഴയിൽ മാത്രം 105 ഇനം മത്സ്യങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നറിയുമ്പോഴാണ് നമ്മുടെ ശുദ്ധജലമത്സ്യസമ്പത്തിന്റെ ആഴം മനസ്സലാവുക.ഈയടുത്ത കാലത്തായി പെരിയാറിൽ നിന്നും മാത്രമായി 5 പുതിയ ഇനം മത്സ്യങ്ങളെ കണ്ടെതിതയിട്ടുണ്ട് പരിയാറിന്റെ ഉൽഭവകേന്ദ്രങ്ങളോട് ചേർന്ന് കാണുന്ന ബ്രഹ്മണകണ്ടമത്സ്യവും ഈറ്റിലകണ്ട മത്സ്യവും ലോകത്ത് ഒരിടത്തും കാണത്ത എൻഡമിക് ഇനങ്ങളാണ് ശുദ്ധജല മത്സ്യങ്ങൾക്ക്പുറമെ മുന്നൂറോളം മത്സ്യങ്ങളും കേരളത്തിന്റെ തീരകടലപകളിൾനിന്നും രിപ്പോർട്ട്ചെയ്തിട്ടുണ്ട്

## ഹായ്...! രാത്രി....എന്തു ഭംഗി.....!!!

നിലാവിൽ കുളിച്ചു നിൽക്കുന്ന രാത്രി...!!!
അങ്ങാ ദൂരെയുള്ള മാമരങ്ങൾ വരെ വളരെ വ്യക്തമായി കാണാം.
തെളിഞ്ഞരാത്രി...!!!
ചന്ദ്രൻ ആകാശത്ത്
ഒറ്റക്കമ്മൽ പോലെ തിളങ്ങുന്നു.
കണ്ണുമിഴിച്ചു നോക്കുന്ന വെള്ളിയരിഞ്ഞാണം പോലെ.
നക്ഷത്രങ്ങൾ
മുല്ലപ്പൂ വരിയെറിഞ്ഞിട്ടെന്നപ്പോലെ.
കണ്ണെടുക്കാതെ നോക്കി നിന്നപ്പോൾ
മിന്നുന്ന ആനക്ഷത്രങ്ങൾ
എന്തോ പറയുന്ന പോലെ...
ചെറുകാറ്റിന്റെ ഇലയനക്കം രാത്രിയുടെ ഭംഗിക്കൂട്ടുന്നു.
സന്ധ്യ ആയാൽ പേടിച്ച് പുറത്തിറങ്ങാതിരുന്ന
എന്നെ അച്ഛൻ കാണിച്ചു തന്ന രാത്രയുടെ ഭംഗി
പറഞ്ഞാലും തീരില്ല....

# വൈക്കം മുഹമ്മദ് ബഷീർ



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം – മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982–ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5–ആം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കളളവണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930–ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത
വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും – തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ

നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.



## ഏഴ്നിറമുള്ള
## കടലാസ് പെൻസിൽ

"ഒന്നു പോടാ...... നീ വരയ്ക്കുന്നതിനെല്ലാം ഒറ്റ നിറമല്ലേടാ......
കറുപ്പു നിറം മാത്രം."
ചായപ്പെൻസിലിന്റെ പരിഹാസം കേട്ട് കടലാസ്
പെൻസിലിന് വിഷമം വന്നു. ചായപ്പെൻസിൽ
പിന്നെയും കടലാസ് പെൻസിലിനെ കളിയാക്കി.
ഗൗരിമോളുടെ ബോക്സിലാണ് കടലാസ് പെൻസിലും
ചായപ്പെൻസിലും താമസിക്കുന്നത്. പക്ഷേ അവർ
തമ്മിൽ അത്ര രസത്തിലല്ലാ.
ഒരു ദിവസം രാത്രി ചായപ്പെൻസിൽ തന്റെ ബോക്സ്
വീട്ടിൽ വാതിൽ തുറന്നു. പുറത്തേക്ക് നോക്കി. നിലാവ്
മുറിക്കുള്ളിലും നിറഞ്ഞ് നിൽക്കുന്നു.
പുറത്തേക്ക് ഇറങ്ങി.ഗൗരിമോളുടെ ബുക്കിൽ ഒരു
മഴവില്ല് വരച്ചു.വരച്ച്   ക്ഷീണിച്ച ചായപ്പെൻസിൽ
വാതിൽ തുറന്ന് ബോക്സ് വീട്ടിലെത്തി ഉറങ്ങിപ്പോയി.
കടലാസ് പെൻസിൽ ഇതൊക്കെ കാണുന്നു
ണ്ടായിരുന്നു.എന്താ ഗൗരിമോളുടെ ബുക്കിൽ
ചെയ്തതെന്നറിയാൻ കടലാസ് പെൻസിലിന്
കൗതുകമായി.പതിയെ പുറത്തിറങ്ങി.
ഗൗരിമോളുടെ ബുക്കിൽ ചായപ്പെൻസിൽ വരച്ച
മഴവിൽ കണ്ട് കടലാസ് പെൻസിൽ അത്ഭുതപ്പെട്ടു.
മഴവിൽ കണ്ട് അവന് സന്തോഷം വന്നു. അവന്റെ
ഉള്ളിൽ ഒരു കവിത വന്നു. എഴുതാതെ പറ്റില്ല എന്നായി.
കടലാസ് പെൻസിൽ ഗൗരിമോളുടെ
ബുക്കിൽ എഴുതി.

മഴവില്ലേ.... മഴവില്ലേ......
നിന്നെ കാണനെന്തു രസം
ആരാരു തന്നു നിനക്കീ
ഏഴു നിറത്തിൽ പൂഞ്ചോല
കാർമേഘത്തിൽ ഓമനയല്ലേ....
ആകാശത്തിൻ അഴകല്ലേ....
വന്നിട്ടുടനേ തിരക്കു കൂട്ടി
ഓടിപ്പോക്കുവതെങ്ങോട്ടാ....
ഓടിപ്പോകുവതെങ്ങോട്ടാ....

നേരം പുലർന്നു.ഗൗരിമോൾ മഴവില്ല് കണ്ടു .കവിത വായിച്ചു . അവൾക്ക് വളരെ സന്തോഷമായി. അവൾ ചിത്രം എല്ലാവരെയും പാടി കേൾപ്പിച്ചു. എല്ലാവരും ഗൗരിമോളെ അഭിനന്ദിച്ചു.
മഴവില്ലിന് ജീവൻ നൽകിയ എല്ലാവരും പറഞ്ഞു.
അപ്പോൾ തുറന്നിട്ട ബോക്സ് വാതിലിലൂടെ ചായപെൻസിൽ കടലാസ് പെൻസിലിന് തോളിൽ കൈയിട്ട് സന്തോഷം പകുതികൊടുക്കുന്നു.
"അതേടാ... നിന്റെ മനസിന് മഴവില്ലിന്റെ നിറവും ഭംഗിയുമാണെടാ...."




## അമ്മയാകുന്ന പുണ്യം

അമ്മ തൻ പുണ്യമാം
മാറോട് അണയുമ്പോൾ
മക്കളാം കുരുന്നിൻ യോഗം
അമ്മതൻ അമ്മിഞ്ഞപ്പാലിൻ പുണ്യം
മനസ്സിലാക്കു ഈ അവസാന നാളിൽ
കുരുന്നിൻ മൗനരാഗം അമ്മയിൽ –
തീർക്കും ദു:ഖ കുടീരം ആ മനസ്സിൽ
വേദനയാക്കും മനസ്സിൽ കുളിർമഴയായി
പൊഴിയും ഈ അമ്മ തൻ സ്വാന്തനം
എന്നിൽ ആദ്യക്ഷരം തീർക്കും
ആദ്യ നാളിൽ
കുരുന്നിൻ മുഖം വാടിയെന്കിൽ
ആനയായും ,പൂച്ചയായും,പൂവായും
-വിരിയുന്ന
അമ്മതൻ കുരുന്നിൻ മുഖം വിരിയും
ജീവിതത്തിൻ അവസാന നാളിൽ
തീർക്കും ശവകുടീരം
ഏറെ നാളാൽ വളർത്തിയ കുരുന്നിനെ
കാണാൻ ആഗ്രഹിക്കുന്നു ഈ അവസരത്തിൽ
വൃദ്ദരോടൊപ്പം കഴിഞ്ഞ് മരണത്തിൽ കീഴടങ്ങും
മാതാവിനെ ഉപേക്ഷിച്ചിരുന്ന
കുരുന്നിൻ സന്തോഷം
ആ അമ്മയുടെ മനസ്സിൽ
മരണം എന്ന സത്യം മനസ്സിലാക്കുന്ന
നാളിൽ അവസാനിക്കുന്ന ജീവിതം



[29]

# ഉപമന്യുവും ഗുരുവും

ഉപമന്യുവിനെ ഗുരുകുലത്തിൽ ചേർത്തു പശുക്കളെ മേയ്ക്കുന്ന ജോലിയാണ് ഗുരു അവന് നൽകിയിരുന്നത് ഭക്ഷണം ആശ്രമത്തിൽ വന്നെ പതിവുള്ളു.ഒരുനാൾ ഗുരു അവനോട് നീ ആരോഗ്യവൻ ആയികാണുന്നു.കാട്ടിൽ വെച്ച് ആഹാരം കഴിക്കുന്നുണ്ടോ?ഉപമന്യു ഞാൻ ഭിക്ഷ വാങ്ങി കഴിക്കുന്നുണ്ട് എന്ന് പറയുന്ന ഗുരു അവനെ ശകാരിക്കുകയും നമുക്ക് സമർപ്പിച്ചേ ഉപയോഗിക്കാവു എന്നും നിർദ്ദേശം നൽകുന്നു .ഗുരുവിന്റെ വാക്കുകൾ അനുസരിച്ചെകിലും ദിവസങ്ങൾ കഴിഞ്ഞ് ഉപമന്യു വീണ്ടും അതെ പ്രവർത്തിതന്നെ ചെകയുണ്ടായി.ഗുരു അവനോട് ദേഷ്യഭാവത്തൊട് പറയുന്നു.ഗുരുവിന്റെ വാക്കുകൾക്ക് അവൻ തലകുലുക്കിയെകിലും കുറച്ചു ദിവസത്തിനുശേഷ്യം ഗുരു ഇപ്പോൾ വല്ലതും ഭക്ഷിക്കാറുണ്ടോ എന്ന്ചോദിക്കുന്നു.ഉപമന്യുവിന്റെ വാക്കുകൾ വളരെ ദയനീയമായിരുന്നു.വിശപ്പിൽ തളരുമ്പോൾ പശുവിൻ പാൽകുടിക്കും എന്നാതാണ് മറുപടി. ഗുരു അത്ഭുതനാകുന്നു.അരുത് ആ പാൽ പൈകിടാവിനുള്ളതാണ്. മേലാൽ ഇത് ആവർത്തിക്കരുത്.ഉപമന്യു ശരി എന്നു പറഞ്ഞു. പിറ്റെന്ന് ഗുരു പരിഭ്രമിച്ചു.തന്റെ പൈക്കൾ തിരിച്ച് എത്തി. ഉപമന്യു എവിടെ?ഗുരു ഉപമന്യുവിനെ തേടി കാട്ടിലേക്ക് പുറപ്പെട്ടു.അങ്ങ് ദൂരെന്ന് ഉപമന്യുവിന്റെ നിലവിളി കേട്ട് ഗുരുനാഥൻ പാഞ്ഞു.ഒരു പൊട്ടക്കിണറ്റിലായിരുന്നു ഉപമന്യു.വിശപ്പിനാൽ എരിക്കാൻ ഇരിക്കാൻ പറിച്ചുതിന്നതിനെ തുടർന്ന് കണ്ണിന് കാഴ്ചനഷ്ടമാവുകയും അങ്ങനെ ഉപമന്യു കിണറ്റിനടിയിലായി.ഗുരു നീ ദേവന്മാരെ സ്തുതിക്കുവാൻ പറയുന്നു.അവർ നിന്നെ രക്ഷിക്കും.ഉപമന്യുവിന്റ പ്രാർത്ഥനയിൽ ദേവന്മാർ പ്രത്യക്ഷനായി അവന് ഒരു അപ്പം നൽക്കുകയും ഇത് ഭക്ഷിക്കുവാൻ ആവശ്യപ്പെട്ടു.എന്നാൽ ഉപമന്യു ഞാൻ ഇത് ഗുരുവിന് സമ്മർപ്പിച്ചേ കഴിക്കു എന്ന് പറയുന്നു. ദേവന്മാർ അവനെ അനുഗ്രഹിക്കുകയും ഗുരു അവനെ സർവ്വ ഐശ്വര്യവും നൽകി.

# ഉപ്പ്

ആഹാരത്തിന് രുചിയും ജീവന് ഊർജവും നൽകാനുള്ള ഒരു വഭവുമാണ് ഉപ്പ.സൂര്യതാപത്തിൽ ഉപ്പ് വാറ്റിയെടുക്കുന്ന സമ്പ്രദായമാണ് ഇന്ത്യയിൽ ഉള്ളത്.ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കിന്നഉപ്പിന്റെ70 ശതമാനവുംഗുജറാത്തിൽനിന്നാണ് വരുന്നത്. ഉപ്പ് വ്യവസായത്തിൽ പ്രവർത്തിക്കുന്നവരുടെ ജീവിത സാഹചര്യം ദയനീയവും ദരിദ്രവുമാണ്.ഇന്ത്യയിൽ ഒരുലക്ഷത്തിലധികം തൊഴിലാളികൾ ഉപ്പുമായി ബന്ധപ്പെട്ട ജോലിചെയ്യുന്നുണ്ട്.കുടിവെള്ളമോ പാർപ്പിടമോവിദ്യാലയങ്ങളോ ഒന്നുമില്ലാതെ നരകതുല്ല്യമായ ജീവിതം നയിക്കുന്നവരാണ് ഈ മനുഷ്യരും അവരുടെ കുടുംബാംഗങ്ങളും.



1998–ൽ വലിയയൊരു കൊടുങ്കാറ്റ് ഗുജറാത്ത്തീരത്തെ തകർത്ത് തരിപ്പണമാക്കിയപ്പോൾ എത്ര എത്ര തൊഴിലാളികൾ മരിച്ചുവെന്നും കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.ഉപ്പുണ്ടാക്കുന്ന തൊഴിലാളികളെ കറിച്ചുള്ള കണക്കുകൾ അന്ന് ആരുടേയും കയ്യിലുണ്ടായിരുന്നില്ല.

## ഭാഷാവിദഗ്ദന്റെ പരാജയം

വിക്രമാദിത്യ മഹാരാജാവിൻ്റെ സദസിൽ ഒരു ഭാഷാവിദഗ്ദനുണ്ടായിരുന്നു. അയാൾ ഏത് ഭാഷയിലെ ഏതുവാക്കും ഉച്ചരിക്കുന്ന അതേ രീതിയിൽ ലിപിയിൽ എഴുതാവെന്ന് അവകാശപ്പെട്ടു . ഒരിക്കൽ അയാൾ വിക്രമ്ദിത്യ സഭയിൽ തൻ്റെ പാടവം പ്രകടിപ്പിക്കാൻ എത്തുകയുണ്ടായി . അയാളെ തോൽപ്പിക്കണമെന്ന ഉദ്ദേശത്തോടെ പണ്ഡിതന്മാർപലരും അന്യഭാഷകളിലെ പലവാക്കുകളും പറഞ്ഞുനോക്കി   അതെല്ലാം ആ ഭാഷാവിദഗ്ദൻ നിഷപ്രയാസം എഴുതിരകാണിച്ചു .അയാളുടെ കഴിവുകണ്ട് എല്ലാവരും അമ്പരന്നു. പണ്ഡിതൻ്മാരായ ഏഴുപേർക്കും അയാളെ തോൽപ്പിക്കാൻ പറ്റാത്തതു കൊണ്ട് രാജാവിന് വലിയ നാണക്കേടുണ്ടായി.

# പക്ഷികൾ

ഇന്ത്യയിൽ കണ്ടുവരുന്ന 1234 പക്ഷിയിനങ്ങളിൽ 483 ഇനത്തെ കേരളത്തിൽ നാളിതുവരെ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 16 എണ്ണം പശ്ചിമഘട്ടമലർനിരകളിൽ മാത്രം കണ്ടുവരുവന്നത് ജീവജാതി (എൻഡമിക് സ്പിഷീസുകളാണ് )യാണ് ഒരുകാലത്ത് കേരളത്തിലെ നാട്ടിൻപുറങ്ങളിൽ പോലും സർവസാധാരണമായിരുന്ന വേഴാമ്പലുകൾ അന്യം തിന്നുകൊണ്ടിരിക്കുകയായിരുന്നു.കഴുകൻമാർ വയനാടൻ കാടുകളിൽ മാത്രമാണ് ഇപ്പൾ അവസശേഷിച്ചിരിക്കുന്നത്. കാക്കയൊഴിച്ച്കേരളത്തിലെ എല്ലാ പക്ഷികളെയും ഇഞ്യന വന്യജീവി സംരക്ഷണനിയമത്തിലെ വിവിധ പട്ടികകളിൽ ഉൾപ്പെടുത്തി സംരക്ഷിച്ചിട്ടുണ്ട്.പക്ഷേ,പക്ഷിവേട്ടയ്ക്കും അനതീകൃതവിൽപ്പനയ്ക്കും യാതൊരു വിധനിയന്ത്രണവുംഇല്ലതായിരിക്കകയാണ്.

കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 483 ഇനം പക്ഷികളിൽ 150 ലേറെ ഇനങ്ങൾ ദേശാടകരമാണ്.ഹിമാലയത്തിൽ വടക്കുള്ള ഏഷ്യൻ രാജ്യഹങ്ങളിൽ നിന്നും യൂറോപ്പിലെ പലഭാഗങ്ങളിൽ നിന്നും വിരുന്നെത്തുന്ന ദേശാടകർ സാധാരണയായി സപ്തംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് നമ്മുടെ നാട്ടിൽ എത്തുന്നത് ഇവയിൽ ഒട്ടുമിക്കഇനങ്ങളും നീർപക്ഷികളാണ്.തണ്ണീർത്തടങ്ങളുടെ ജീവനെയും അപകടത്തിലാക്കിയിരിക്കുന്നു

## പെൺ കൊടിക്കുമേൽ

## കഴുകൻ കണ്ണുകൾ

ദശ സംവൽത്സരം തോറും
പൊക്കിൾ കൊടിതൻ ജീവനായിവിടവേ!
അമ്മതൻ വാൽത്സല്ല്യ നൊമ്പരം
പേറും ഒരു നാഴികിതൻ വേദനാ ജനകം

നൊന്തു പെറ്റമ്മതൻ മാധുര്യം നുകർന്നീടും
ചുടു ചോരതൻ പൈതലിൻ നെറ്റിത്തടത്തിൽ
മാതൃ വാൽത്സല്ല്യ ചുംബനമാം
സഹനത്തിൽ ചുംബനം

നീ ആരാകുന്നു എന്താകുന്നു
സമൂഹത്തിൽ നീ ഒരു പെൺ കൊടി
സഹനത്തിൽ വേർപാടിനൊപ്പം
ഓർക്കു നീ ഒരു പെൺ കൊടി മാത്രം

ഓർത്താൽ നന്ന് ദുഷ്ട് ദൃഷ്ടിതൻ
കഴുകൻ കണ്ണുകൾ നിൻ മേതിയാകുമേ

കൊത്തിവലിച്ചു കീറാതിരിക്കട്ടെ
പെൺ കൊടി നിൻ ജീവിതം

നീ പെണ്ണായി ജനിച്ചതു
പുണ്യമോ പാവമോ

എന്നുള്ള വാക്യത്തിനു
തരം നീ നിന്നോട് ചോദിക്കുക

പെണ്ണ്! എന്നുള്ള രണ്ടക്ഷരത്തിൽ
ഒതുങ്ങുന്നതല്ലാ ഒരിക്കലും താൻ
എന്തിനേയും താൻ നേരിടും
ഇതാവണം പെൺമ്മാ ഇതായിരിക്കണം

ഇന്ന് പൈശാചിക ലോകത്തിൽ മടിത്തട്ടിലിൽ
ഇങ്ങനെ വേണം പെൺ പ്രതികരണം
സാമൂഹിക പൈശാചിക ലോകത്തിൽ
അഗ്നി സാക്ഷിയാം തിരിച്ചടിയോടെ

# ആർട്ട് ഗ്യാലറി


- ഞങ്ങളുടെ സ്കൂളിലെ ഒരു പറ്റം ചിത്രങ്ങളാണ് ഇവിടം കൊണ്ട് തുടങ്ങുന്നത്...



– അനസൂയ സജീവൻ
ക്ലാസ്സ് : 10TH



- ജെറിൻ ജെ വർഗ്ഗീസ്
  ക്ലാസ്സ്: 10TH



- ജോർളിൻ സാജോ
  ക്ലാസ്സ് : 9TH